**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1556

05/12/2014-ൽ മറുപടിക്ക്

ക്ലീൻ കേരള കമ്പനി

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ.കെ.എം.ഷാജി | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ) | |
| (എ) | സർക്കാർ പുതുതായി രൂപീകരിച്ച ക്ലീൻ കേരള കമ്പനി ഇതുവരെ ചെയ്ത പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ അറുപത്തഞ്ച് നഗരസഭകളിലെ നിരത്തുകളിലും മറ്റ് സ്ഥാപനങ്ങളിലും ആരും ശേഖരിക്കാതെ ചിതറികിടക്കുകയായിരുന്ന 55 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ കിലോക്ക് രണ്ട് രൂപാ നിരക്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നല്കി ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. സർക്കാർ- സർക്കാരിതര സ്ഥാപനങ്ങളിൽ നിന്ന് ഇ - മാലിന്യം കിലോക്ക് 5 രൂപാ നിരക്കിൽ നൽകി ഏറ്റവും അപകടകാരിയായ ട്യൂബ് ലൈറ്റ്, സി.എഫ്.എൽ. തുടങ്ങിയ മാലിന്യങ്ങൾ ഉൾപ്പെടെ ശേഖരിച്ച് കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരമുള്ള സ്ഥാപനത്തിലൂടെ ശാസ്ത്രീയമായി പുനഃചംക്രമണം ചെയ്യുന്ന പദ്ധതി ആരംഭിക്കുകയും ഇതുവരെ 30 (മുപ്പത്) ടൺ ഇ - മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണത്തിനായി അയക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കമ്പനിയുടെ ഭാവി പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ; | (ബി) | 1) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സെപ്പ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള പദ്ധതി.<br><br>2) ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാവുന്ന സി.എൻ.ജി ബോട്ട് ലിംഗ് പ്ലാന്റുകൾ സ്ഥാപിക്കൽ.<br><br>3) പൊതുനിരത്തിലെ വൈദ്യുത കാലുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, നോട്ടീസുകൾ, ഫ്ലക്സ് ബോർഡുകൾ എന്നിവ നീക്കം ചെയ്തുകൊണ്ട് അവക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ അലുമിനിയം ക്ലാഡിംഗ് സ്ഥാപിച്ച്/പെയിന്റ് ചെയ്ത് വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് പരസ്യ ബോർഡുകൾ സ്ഥാപിക്കലും അവയുടെ പരിപാലനവും.<br><br>4) സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളുടെ ശുചിത്വ പരിപാലനം ഏറ്റെടുക്കുന്ന പദ്ധതി. |

സെക്ഷൻ ഓഫീസർ